**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 112** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടയ വിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എഫ്. രാജ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. ദീപക് ജോയ്

ശ്രീ. കെ. ബിനിമോൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് റവന്യൂഭൂമി കയ്യേറ്റം അവസാനിപ്പിക്കുന്നതിനും അർഹരായവരുടെ കൈവശഭൂമിക്ക് രേഖ നൽകുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സർക്കാർ ഭൂമിയിലെ കയ്യേറ്റം സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ഉം 1958 അനുബന്ധചട്ടത്തിലെയും 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 08/11/2008 ന് ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009 ലെ കേരള ഭൂസംരക്ഷണ(ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കയ്യേറ്റ കേസുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനംവകുപ്പ്, തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറി വരുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമികളിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തിരവും ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു .

കേരള ഭൂമി പതിവ് നിയമം 1960, കേരള ഭൂപരിഷ്കരണ നിയമം 1963, 1993 ലെ കേരള ഭൂമി പതിവ് (01.01.1977 ന് മുൻപുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) പ്രത്യേക ചട്ടങ്ങൾ, കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ച് നൽകലും നിയമം 1971, കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമം 1971 പ്രകാരം അർഹരായവരുടെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(ബി)** പട്ടയ വിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടിക്രമങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് വേണ്ട ഇടപെടൽ ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പട്ടയം നൽകുന്നതിന് സാധാരണയായി കാലതാമസം ഉണ്ടാകുന്നത് പതിവിന് വിധേയമല്ലാത്ത ഭൂമികളിൽ (കുളം, പുഴ, വനഭൂമി തുടങ്ങിയവ) താമസിക്കുന്നവർ പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾക്കാണ്. ഇപ്രകാരമുള്ള ഭൂമികളിൽ താമസിക്കുന്നവർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. പട്ടയ വിതരണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

കർഷകരെ പട്ടയങ്ങൾ അനുവദിക്കപ്പെടുന്നതിൽ നിന്ന് തടഞ്ഞിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമെങ്കിൽ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതികൾ വരുത്തുകയോ സമഗ്രമായ നിയമനിർമ്മാണം കൊണ്ടു വരികയോ ചെയ്യുന്നതാണ്. പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന വ്യാപകമായി പട്ടയമേളകൾ സംഘടിപ്പിക്കുന്നതാണ്.

**(സി)** ലാൻഡ് ട്രിബ്യൂണലുകളിൽ കേസുകൾ വർഷങ്ങളായി കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** 1963 ലെ ഭൂപരിഷ്കരണ നിയമപ്രകാരം ജന്മി-കുടിയാൻ ബന്ധത്തിൽ പാട്ടവ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് അനുഭവിച്ചുവരുന്ന കുടിയാന്മാർ, കുടികിടപ്പുകാർ എന്നിവരുടെ അർഹത പരിശോധിച്ച് ക്രയസർട്ടിഫിക്കറ്റ് നല്കുന്നതിലേയ്ക്കായി രൂപീകൃതമായിട്ടുള്ളതാണ് ലാൻഡ് ട്രൈബ്യൂണലുകൾ. കുടിയായ്മ പരിശോധിക്കാൻ ലാൻഡ് ട്രൈബ്യൂണലുകൾക്ക് സിവിൽ കോടതിയുടെ അധികാരമാണുള്ളതെന്ന് വകുപ്പ് 101 ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. വിചാരണ, തെളിവെടുപ്പ്, മൊഴിയെടുപ്പ്, രേഖകളുടെ പരിശോധന തുടങ്ങി കോടതിയുടേതായ നടപടികൾ അനുവർത്തിച്ചാണ് കേസുകളിൽ തീരുമാനമെടുക്കേണ്ടത്.

ലാൻഡ് ട്രൈബ്യൂണലുകളിൽ നിലവിലുള്ള അപേക്ഷകൾ അടിയന്തരപ്രാധാന്യത്തോടെ തീർപ്പാക്കുന്നതിലേയ്ക്കായി ഒരു Standard Operating Procedure തയ്യാറാക്കിയിട്ടുണ്ട്. അപേക്ഷകളുടെ എണ്ണം പരിഗണിച്ച് ഓരോ ലാൻഡ് ട്രൈബ്യൂണലുകൾക്കും ടാർജറ്റ് നിശ്ചയിച്ച് നല്കിയിട്ടുള്ളതും ദിവസേനയുള്ള ഹിയറിംഗുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ ലാൻഡ് ട്രൈബ്യൂണലുകളിലാണ് എറ്റവും കൂടുതൽ അപേക്ഷകൾ അവശേഷിക്കുന്നത്. ഈ ജില്ലകളിലെ അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനായി പ്രത്യേക ടീമുകളെ നിയോഗിച്ച് പരിശോധനകൾ നടത്തി വരുന്നു. കൂടാതെ നിശ്ചിത ഇടവേളകളിൽ ലാൻഡ് ബോർഡ് റിവ്യൂ മീറ്റിംഗുകളും സംഘടിപ്പിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**